# കേരളസർവകലാശാല

നം.പി.ആർ.88/2021

## പത്രക്കുറിപ്പ്

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2020 മാർച്ചിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുളള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി ഏപ്രിൽ 21, 22, 23 തീയതികളിൽ (ഇ.ജെ X – പത്ത്) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

## കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ അഞ്ചാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്ക് (സി.ബി.സി.എസ്.എസ്.) 2021 – 22 അദ്ധ്യയന വർഷത്തിൽ കോളേജ് മാറ്റത്തിനായി അപേക്ഷിക്കാം. വിദ്യാർത്ഥികൾ നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. കോളേജ് മാറ്റം ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷകളുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപാർശയോടെ 1050/- രൂപ ഫീസ് അടച്ച് ചേരാൻ ഉദ്ദേശിക്കുന്ന കോളേജിൽ മെയ് 5 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടയ്ക്കേണ്ടതാണ്.

അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി മെയ് 12. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് (ജറിയാട്രിക്) സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 ഡിസംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്) ഡിഗ്രി കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 29 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.എ., എം.ഫിൽ. ക്ലാസ്സുകൾ ഓൺലൈനായി

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരളസർവകലാശാല പഠനവകുപ്പുകളിലെ എല്ലാ ബിരുദ, ബിരുദാനന്തരതലത്തിലേയും, എം.ഫിൽ.ന്റേയും ക്ലാസ്സുകൾ നാളെ മുതൽ (ഏപ്രിൽ 20) മുതൽ ഓൺലൈനായി നടത്തുന്നതിന് ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. കോവിഡ് രോഗബാധ ഒഴിവാക്കാനായി ഗവേഷകർ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികളും കാര്യവട്ടം ക്യാമ്പസ് ഹോസ്റ്റലിൽ നിന്നും വിദ്യാർത്ഥിനികൾക്കായുള്ള തൈക്കാട്ടെ ഹോസ്റ്റലിൽ നിന്നും വീടുകളിലേക്ക് മടങ്ങാൻ വാർഡൻമാരോട് നിർദേശിക്കുവാനും യോഗം തീരുമാനിച്ചു. യു.ഐ.ടി., യു.ഐ.എം., യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്, ബി.എഡ് സെന്ററുകൾ എന്നിവിടങ്ങളിലേയും പഠനപ്രവർത്തനം ഓൺലൈൻ വഴിയായിരിക്കും. ഇത് നടപ്പാക്കുവാൻ അതത് സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാരെ ചുമതലപ്പെടുത്തുന്നതിനും സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## ലൈബ്രറി പ്രവൃത്തിസമയത്തിൽ മാറ്റം

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരളസർവകലാശാല ലൈബ്രറികളുടെ പ്രവൃത്തിസമയത്തിൽ നാളെ മുതൽ (ഏപ്രിൽ 20) ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ രാവിലെ 10 മുതൽ 5 മണി വരെ ആയി ക്രമീകരിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
19.04.2021

For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity

website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675